കുടുംബം, അച്ഛനമ്മമാർ എന്നീ കാര്യങ്ങളോടു വെറുപ്പായിരുന്നു. ആവശ്യമില്ലാത്ത മെനക്കേടുകൾ–

“ അലൻ... എനിക്ക് അലനെ ഒന്നു കാണണമെന്നുണ്ട്..”

അലൻ പെട്ടെന്നു കോൾ കട്ട് ചെയ്തു.

അവൻ എന്തു വേണമെന്നറിയാതെ അകത്തു വന്ന് ഫോൺ കട്ടിലിൽ ഇട്ട് മുറിയിലും വരാന്തയിലും ചുറ്റിനടന്നു. എന്തൊരു അസ്വസ്ഥത!

റോസ് തിരിയുമ്പോൾ ഡോ. ബ്രിട്ടോ അടുത്തു നിൽ പുണ്ടായിരുന്നു.

“നീയെന്താ അവനെ വിളിച്ചു വരുത്താൻ പോകുന്നോ? എങ്കിൽ നമ്മുടെ പ്ലാൻ ഒക്കെ പൊളിയില്ലേ?”

അയാൾ ദേഷ്യത്തോടെ ചോദിച്ചു.

“നമ്മുടെ പ്ലാനോ?”

റോസ് നിസ്സാരമായി ചിരിച്ചു.

“റോസ്, ഇതു കളിയല്ല. അവൻ ഇവിടെ വരികയും അവൾ അവനെ തിരിച്ചറിയുകയും അവന്റെ വലയിൽ വീണ്ടും വീഴുകയും ചെയ്താലോ?”റോസ് ഭർത്താവിനെ ധൈര്യപൂർവം നേരിട്ടു.

“അവൾ അവനെ തിരിച്ചറിയുമെങ്കിൽ നമ്മളെയും തിരിച്ചറിയും... അത് ഒരു നല്ല കാര്യമായി ഞാൻ കണക്കാക്കും. അപരിചിതയെപ്പോലെ എന്നെ നോക്കുന്ന എന്റെ കുഞ്ഞിനെ കാണുമ്പോൾ എന്റെ മനസ്സിന്റെ ടെൻഷൻ ബ്രിട്ടോയ്ക്കു മനസ്സിലാകുന്നില്ലല്ലോ.” അവർ ഭർത്താവിനെ വെല്ലുവിളിക്കും പോലെ നോക്കി.

“ഇനി മറ്റേ വശം ഒന്നു ചിന്തിച്ചു നോക്ക്. അവൾഅവനെതിരിച്ചറിയാതിരുന്നാലോ?”

ബ്രിട്ടോയുടെ മുഖത്ത് ചിന്താക്ലേശം നിറഞ്ഞു.

“പക്ഷേ, റോസ്, നമ്മൾ തമ്മിൽ ഇക്കാര്യത്തിൽ ഒരു തീരുമാനത്തിൽ എത്തിയതായിരുന്നു. അതായത്, അവന്റെ മനസ്സിനെ വ്യതിചലിപ്പിക്കുക. അങ്ങനെ അവരെ തമ്മിൽ അകറ്റാനാണു നമ്മൾ പ്ലാൻ ചെയ്തിരുന്നത്. അതിനു നീ അവന്റെ മുമ്പിൽ വർഷയുടെ അമ്മയായിത്തന്നെ പ്രത്യക്ഷപ്പെട്ടാൽ, അതിനുള്ള സാധ്യത കുറയില്ലേ?”

“അതു ബ്രിട്ടോയുടെ പ്ലാൻ. എന്റെ പ്ലാൻ വേറെയാണ്.”

“എന്തു പ്ലാൻ?”

“അതു വഴിയേ മനസ്സിലാകും. തൽക്കാലം, ബ്രിട്ടോ ഇക്കാര്യത്തിൽ ഇടപെടേണ്ട. ഇതെനിക്കു വിട്ടേക്ക്.” ബ്രിട്ടോയുടെ മുഖത്ത് കോപം നിറഞ്ഞു. റോസ് ഭർത്താവിനെ കൂസലില്ലാതെ നോക്കി. പിന്നീട് അവർ ഫോണുമായി തിരിഞ്ഞു നടന്നു. എന്താണു തന്റെ ഭാര്യയുടെ മനസ്സിൽ എന്നു ഡോ. ബ്രിട്ടോയ്ക്കു മനസ്സിലായില്ല. അയാൾക്കു പേടി തോന്നി. മകളെയും ഭാര്യയെയും ഒന്നിച്ചു നഷ്ടപ്പെട്ടേക്കുമോ?

(തുടരും)

കഥാസാരം വായിച്ചത് : **ആർ.ജയചന്ദ്രൻ**

നോവൽ വായിച്ചത് : **സപ്ന**



എഴുത്തുത്സവം

## കഥ

**കാരൂർ സോമൻ**



# തടവുകാരി

ആകാശത്തു സൂര്യൻ തിളങ്ങിയ സമയം കൗൺസിൽ ജോലിക്കാരി നടപ്പാത വൃത്തിയാക്കി നിൽക്കുമ്പോഴാണ് അയൽക്കാരി സുമിതിക്ക് തലചുറ്റലുണ്ടായത്. എഴുപതു വയസ്സിനു മുകളിൽ പ്രായമുള്ള സുമിതി ഡയബറ്റിക് ഗുളിക കഴിക്കുമെങ്കിലും ആരോഗ്യത്തിനു വലിയ കുഴപ്പമില്ല. ഇപ്പോഴും ആ ശബ്ദത്തിനു നല്ല മാധുര്യമാണ്. സംസാരിച്ചുനിന്ന ഓമന അവരെ താങ്ങിപ്പിടിച്ചു വീടിനുള്ളിലെത്തി വേണ്ടുന്ന ശുശ്രൂഷ നൽകി. ആംബുലൻസ് വിളിക്കേണ്ടയെന്നറിയിച്ചു.

എപ്പോഴും അണിഞ്ഞൊരുങ്ങി നടക്കുന്ന സുമതി കണ്ണുനീർ വാർത്തു. വലിയൊരു വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ രണ്ട് ആൺമക്കളുണ്ടായിട്ടും ഒറ്റയ്ക്കാണ് താമസം. അമ്മയുണ്ടോ എന്നറിയാൻ ഇളയ മകൻ മാസത്തിലൊരിക്കൽ ഫോണിൽ വിളിക്കും. സിംഗപ്പൂരിൽനിന്ന് 1970 ൽ ലണ്ടനിലെത്തി വളരെ കഷ്ടപ്പെട്ടാണ് മക്കളെ പഠിപ്പിച്ചു വളർത്തിയത്. അവർ വിവാഹം കഴിച്ചതോടെ അവരുടെ സ്വഭാവം മാറി. ഭർത്താവ് 2004 ൽ മരിച്ചു. അമ്മയെ തിരിഞ്ഞുനോക്കാത്ത ആൺമക്കളെയോർത്താണ് സുമതിയുടെ സങ്കടം. ഓമന പറഞ്ഞു: “ഈ വീട് കൗൺസിലിന് കൊടുത്തിട്ട് സുഖമായി നഴ്സിങ്ഹോമിൽ പോയി താമസിച്ചുടെ?” സുമതി അത് മക്കൾക്ക് മാത്രമേ കൊടുക്കുവെന്ന് തീർത്തും പറഞ്ഞു. സ്വന്തം സന്തോഷവും സമയവും മക്കൾക്കായി മാറ്റിവയ്ക്കുന്ന സുമതിമാർ ഇന്ത്യയിലുള്ളത് ഓർത്തു. ഒന്നും കണ്ടു പഠിക്കാതെ സ്വയം ശിക്ഷ ഏറ്റുവാങ്ങി തടവുകാരിയായ സുമതി ഈറനണിഞ്ഞ മിഴികളുമായി കട്ടിലിൽ തളർന്നു കിടന്നു.

## ടോർപ്പിഡോ

ആശയം, വര : **ജൂഷി ശങ്കർ**

